പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1890

13/06/2019-ൽ മറുപടിയ്ക്ക്

## കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കുന്ദമംഗലത്ത് നിലവിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് പ്രവർത്തിക്കുന്നത് എത്ര ഏക്കർ സ്ഥലത്താണെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനം സ്ഥാപിച്ചത് എന്നാണ്; സ്ഥാപിച്ച ഉദ്ദേശ്യം എന്തായിരുന്നു എന്നും ആയത് നടക്കുന്നുണ്ടോ എന്നും അറിയിക്കുമോ; | (എ) | കുന്ദമംഗലത്ത് നിലിവിലുള്ള കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് പ്രവർത്തിക്കുന്നത് 9.99 ഏക്കർ സ്ഥലത്താണ്. 2008 ജൂൺ മാസം 3-ാം തീയതിയാണ് ഈ സ്ഥാപനം സ്ഥാപിതമായത്. ഗണിത ശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിത ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക, ഗണിത ശാസ്ത്ര ഗവേഷണം രാജ്യത്ത് പ്രത്യേകിച്ചും കേരളത്തിൽ പ്രോത്സാഹിപ്പിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടെയാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. മേൽ പറഞ്ഞ മുഖ്യ ലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള ഗവേഷണ പഠന പ്രവർത്തനങ്ങൾ കെ.എസ്.ഒ.എം.-ൽ നടന്നു വരുന്നു. |
| (ബി) | ഇപ്പോൾ എന്ത് പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുവരുന്നത്; ഈ സ്ഥാപനം വിപുലീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഗണിത ശാസ്ത്ര വിഷയങ്ങളിൽ പരിശീലനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായുള്ള പഠന പ്രവർത്തനങ്ങളാണ് നിലവിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആസൂത്രണം ചെയ്തു നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഗണിത ശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപശാലകൾ, പ്രസ്തുത ശിൽപശാലകളുടെ ഏകവിഷയക പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപ്പശാലകൾ,കേരളത്തിലെ ഗണിത ശാസ്ത്ര അധ്യാപകർക്കും, വിദ്യാർത്ഥികൾക്കുമുള്ള പരിശീലന ക്ലാസ്സുകൾ തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഗണിത ശാസ്ത്ര പ്രഗൽഭരുടെ ശിൽപശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം ഈ കേന്ദ്രം ആസൂത്രണം |

| | | | |
|---|---|---|---|
| | | | ചെയ്ത് നടപ്പിലാക്കുന്ന പഠന പ്രവർത്തനങ്ങളിൽ വരുന്നു. ഗവേഷണ ബിരുദത്തിനായി വിദ്യാർത്ഥികൾ ഈ കേന്ദ്രത്തിൽ പ്രവേശനം നേടി പഠനം നടത്തുന്നുണ്ട്. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഗണിത ശാസ്ത്രത്തിന്റെ ബിരുദാനന്തര ബിരുദ കോഴ്സ് (എം.എസ്.സി) തുടങ്ങുന്നതിനായി കെ.എസ്.ഒ.എം. റിസർച്ച് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാലയുമായി സംയോജിപ്പിച്ച പാഠ്യപദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഈ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കാൻ നിലവിൽ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**